DESABHIMANI

9 December 2015

► അഴിമതി നിയമന നീക്കം

മലബാർ സിമന്റ്സിന് മുന്നിൽ ഇന്നുമുതൽ അനിശ്ചിതകാലസമരം

പാലക്കാട് > പൊതുമേഖലസ്ഥാപനമായ മലബാർ സിമന്റ്സിൽ നിലവിലുള്ള ഖലാസി, മസ്ദൂർ കരാർതൊഴിലാളികളെ ഒഴിവാക്കി അഴിമതിനിയമനം നടത്താനുള്ള നീക്കത്തിനെതിരെ കമ്പനിപ്പടിക്കൽ തൊഴിലാളികൾ അനിശ്ചിതകാലസമരം ആരംഭിക്കുന്നു. ശമ്പളവർധന പകൽ മുന്നിൽ സിപിഐ എം കേന്ദ്ര കമ്മിറ്റിയംഗം എ കെ ബാലൻ പ്രസംഗിച്ചു ഉദ്ഘാടനം ചെയ്തു.

ചുണ്ണാമ്പു പൊട്ടിക്കുന്നതുമുതൽ സിമന്റ് ലോഡിങ്‌വരെയുള്ള വിഭാഗങ്ങളിൽ കമ്പനിയിലെ സ്ഥിരംതൊഴിലാളികളോടൊപ്പം 260ൽപരം കരാർതൊഴിലാളികളും ജോലി ചെയ്യുന്നു. കമ്പനിയുടെ തുടക്കംമുതൽ ജോലി ചെയ്യുന്നവരും ഇക്കൂട്ടത്തിലുണ്ട്. സേവനവും തൊഴിൽ പരിചയവും പരിഗണിച്ച് 1996ൽ 45 സിഎൽപി ഒഴിവുകളിൽ ഈ വിഭാഗത്തിൽനിന്നും നിയമനംനടത്തിയിരുന്നു. അന്ന് നിയമിക്കപ്പെട്ട 45പേരും തുടർന്ന് സ്ഥിരപ്പെടുകയും മസ്ദൂർ, ഫോർമാൻ,ഖലാസി, ഫിറ്റർ തുടങ്ങിയ ഒഴിവുകളിലേക്ക് മാറ്റപ്പെടുകയും ചെയ്തു. ബാക്കിയുള്ളവർ ഇപ്പോഴും . ലേബർ സപ്ലൈയിൽ ജോലി ചെയ്യുകയാണ്. പിന്നീട് ഒഴിവു വന്ന ഘട്ടത്തിലൊക്കെ പുറമേനിന്ന് മസ്ദൂർനിയമനം നടത്തിയതിനാൽ നിലവിലുള്ള 259 തൊഴിലാളികൾക്ക് ലഭിക്കേണ്ടുന്ന സ്ഥിരംജോലി അവസരംനഷ്ടപ്പെട്ടു.

ദീർഘകാലമായി ജോലി ചെയ്യുന്നവരെ മലബാർ സിമന്റ്സിലെ ഒഴിവുവരുന്ന തസ്തികകളിലേക്ക് നിയമിക്കുന്നതിനു പകരം അവരെ ഒഴിവാക്കി ഖലാസി, മസ്ദൂർ ഒഴിവുകളിൽ പുറമേനിന്ന് നിയമനംനടത്താൻ കമ്പനി ശ്രമിക്കുകയാണ്.

2010 ഡിസംബറിൽ അന്നത്തെ എൽഡിഎഫ്സർക്കാരിന്റെ സഹായത്തോടെ 160ൽപരംപേരെ സിഎൽപിയിലേക്കെടുക്കാൻ ലേബർ കമീഷണറുടെ സാന്നിധ്യത്തിൽ കരാറുണ്ടാക്കിയിരുന്നുവെങ്കിലും യുഡിഎഫ്സർക്കാർ അത് നടപ്പാക്കിയില്ല. കരാർതൊഴിലാളികളെ മുഴുവൻ അവരവർ ചെയ്യുന്ന ജോലികളിൽ സ്ഥിരപ്പെടുത്തണമെന്ന് ആവശ്യപ്പെട്ട് സെൻട്രൽ ലേബർ ഡിപ്പാർട്ട്മെന്റിൽ യൂണിയൻ നൽകിയ പരാതിയിൽ ജനുവരിയിൽ ചർച്ച നടക്കാനിരിക്കുകയാണ്. ഇതിനിടയിലാണ് ഖലാസി, മസ്ദൂർ നിയമനം നടത്താൻ നടപടി ആരംഭിച്ചത്.

ഇതിനെതിരെ കഴിഞ്ഞ മെയ്മാസം നാലിന് തൊഴിലാളികളും കുടുംബങ്ങളും കമ്പനിപ്പടിക്കൽ നടത്തിയ രാപ്പകൽസമരത്തെ തുടർന്ന് നിയമനനടപടി നിർത്തിവച്ചിരുന്നു. അത് വീണ്ടും പുനരാരംഭിച്ചിരിക്കുകയാണ്. മസ്ദൂർജോലിക്ക് 10 ലക്ഷംരൂപവരെ വാങ്ങുന്നതായാണ് ആരോപണം ഉയരുന്നത്. ഈ സാഹചര്യത്തിലാണ് തൊഴിലാളികൾ അനിശ്ചിതകാലസമരം ആരംഭിക്കുന്നത്.